# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1019 12/07/2016 -ൽ മറുപടിയ്ക്ക്

## സമഗ്ര പച്ചക്കറി വികസന പദ്ധതി

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ**
**,, സണ്ണി ജോസഫ്**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, റോജി എം. ജോൺ**

**മറുപടി**

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) മുൻ സർക്കാരിന്റെ കാലത്ത് സമഗ്ര പച്ചക്കറി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയതെന്ന് വിശദമാക്കുമോ; | എ) 2006-11-ലെ സർക്കാർ നടത്തികൊണ്ടിരുന്ന പച്ചക്കറി വികസന പദ്ധതികൾക്കു പുറമെ ജില്ലാ ക്ലസ്റ്റർ വികസനം, എ ഗ്രേഡ് ക്ലസ്റ്ററുകളുടെ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതി എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്നു. |
| ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി മൂലം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തുക എന്ന ലക്ഷ്യമാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക വഴി ഉദ്ദേശിച്ചത്. |
| സി) പ്രസ്തുത പദ്ധതിയ്ക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ 2012-13-ൽ 4400 ലക്ഷം രൂപയും, 2013-14 ൽ 5625 ലക്ഷം രൂപയും, 2014-15 സാമ്പത്തിക വർഷത്തിൽ 6400 ലക്ഷം രൂപയും, 2015-16-ൽ 6400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു. |

S. [signature]

**സെക്ഷൻ ഓഫീസർ**